# പൂർണ്ണശ്രീ

പുസ്തകം 18 ലക്കം 3 മാർച്ച് 2024 വില ₹5

ടിബിഎസ് പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്– പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം

വിഷു ആശംസകൾ



## വാത്സല്യം

### പി. വത്സലയെ ഓർക്കുമ്പോൾ

## സമ്മാനപ്പൊതി സീസൺ 8 കുട്ടികളിലേക്ക്



# പരിഭാഷയുടെ ധന്യത
# പൂർണ പുസ്തകങ്ങളിലൂടെ




₹625

**വനിതാ ആരാച്ചാർ**
പാവേൽ കോഹൂട്ട്
പരിഭാഷ :
പി.ആർ. പരമേശ്വരൻ

**9746473334ൽ വിളിക്കൂ പുസ്തകം വീട്ടിലെത്തും**
(തപാൽ ചാർജ് സൗജന്യം)

പ്രമുഖ ഓസ്ട്രിയൻ – ചെക്ക് നോവലിസ്റ്റും നാടകകൃത്തും കവിയുമായ പാവേൽ കോഹൂട്ടിന്റെ 'The Hangwoman'എന്ന പ്രശസ്ത നോവലിന്റെ മലയാളപരിഭാഷ.

**496 പുറങ്ങൾ, 64 ഭാഗങ്ങൾ**

**രണ്ടും ഒന്നിച്ചുവാങ്ങുമ്പോൾ**
**മുഖവില : ₹1225രൂപ**
**പ്രത്യേകവില**
**₹900 മാത്രം**

**എന്റെ രാജ്യം എന്റെ ശരീരം**
ജിയോകോൻഡ ബെല്ലി
പരിഭാഷ :
ചിഞ്ജു പ്രകാശ്




₹600

ഞാൻ വായിച്ചവയിൽ മികച്ച ആത്മകഥയെന്ന് സൽമാൻ റുഷ്ദി വിശേഷിപ്പിച്ച, നിക്കാരഗ്വൻ എഴുത്തുകാരിയുടെ 'The country under my skin' എന്ന ആത്മകഥയുടെ മലയാളപരിഭാഷ.

**524 പുറങ്ങൾ, 58 ഭാഗങ്ങൾ**

## പൂർണ പബ്ലിക്കേഷൻസ്
**ഫോൺ : 9746473334**
www.tbsbook.com

# പൂർണശ്രീ

മാർച്ച് 2024    പുസ്തകം 18    ലക്കം 3





## ഈ ലക്കത്തിൽ വായിക്കുക


പി. വത്സലയുടെ **ആസ്തി** — സച്ചിദാനന്ദൻ — 4

ഉറങ്ങുക കൃതാർത്ഥതയോടെ — സി. രാധാകൃഷ്ണൻ — 7

കഥ **ഊഴം** — യു.കെ. കുമാരൻ — 9

കവിത പ്രകാശിതമായ കണ്ണുകൾ — കയ്യുമ്മു കോട്ടപ്പടി — 12

സ്ത്രൈണവിപ്ലവത്തിന്റെ പുതുഭാഷ്യങ്ങൾ — പ്രവീൺ പിലാശ്ശേരി — 13

കവിത **തിരികെ** — സജിത ബേപ്പൂർ — 17




# അവധിക്കാലം ആസ്വാദ്യമാക്കാൻ സമ്മാനപ്പൊതി സീസൺ 8

തുടർച്ചയായ എട്ടാം വർഷവും ആഹ്ലാദകരമായ വായനയ്ക്കായി 'പൂർണ സമ്മാനപ്പൊതി' ഈ വേനലവധിക്കാലത്ത് കുട്ടികളെ തേടിയെത്തുന്നു. ഇക്കുറി ഇരുപത്തിരണ്ട് മികച്ച ബാലസാഹിത്യകൃതി കളാണ് 'സമ്മാനപ്പൊതി'യിലുള്ളത്. 2017–ൽ പ്രസിദ്ധീകരണമാരംഭിച്ച 'സമ്മാനപ്പൊതി'യുടെ 8 സീസണുകളിലായി ഇതുവരെ പുറത്തിറങ്ങിയത് വൈവിധ്യമാർന്ന 115 ബാലസാഹിത്യകൃതികളാണ്. പ്രമുഖ ബാലസാഹിത്യകാരനും പൂർണയുടെ കൺസൽട്ടന്റ് എഡിറ്ററുമായ ഡോ. കെ. ശ്രീകുമാറാണ് എല്ലാ സീസണുകളുടെയും ജനറൽ എഡിറ്റർ. തുടർച്ചയായി മികച്ച ബാലസാഹിത്യകൃതികൾ അങ്ങേയറ്റം മനോഹരമായി, ഒരു സഞ്ചയമായി പുറത്തിറക്കുന്ന മറ്റു മലയാള പ്രസാധകർ ഇല്ല എന്നത് 'പൂർണ'യ്ക്ക് അഭിമാനം പകരുന്നു.

'സമ്മാനപ്പൊതി സീസൺ 8' ചൂടോടെ സ്വന്തമാക്കാനുള്ള വഴികളും 'പൂർണ' ആസൂത്രണം ചെയ്തിട്ടുണ്ട്. 'പൂർണ' യുടെ കോഴിക്കോട്, തിരുവനന്തപുരം, കല്പറ്റ ഷോറൂമുകളിൽനിന്ന് രണ്ടായിരം രൂപ മുഖവിലയുള്ള ഈ പുസ്തകസെറ്റ് ആയിരത്തി അഞ്ഞൂറു രൂപയ്ക്ക് ലഭിക്കും. ഓൺലൈനിൽ വാങ്ങാൻ www.tbsbook.com എന്ന സൈറ്റ് ഉപയോഗിക്കാം. 97464 73334 എന്ന നമ്പറിൽ വിളിച്ചും 'സമ്മാനപ്പൊതി' ഓർഡർ ചെയ്യാം. സ്കൂൾ ലൈബ്രറികൾക്കും പൊതുവായനശാലകൾക്കും നിയമാനുസൃതമായ വിലക്കിഴിവും ലഭിക്കും. ഈ സുവർണ്ണാവസരം ഉപയോഗപ്പെടുത്താൻ ഏവരോടും അഭ്യർത്ഥിക്കുന്നു.

– എൻ. ഇ. മനോഹർ


മാനേജിംഗ് എഡിറ്റർ
എൻ.ഇ.മനോഹർ
ചീഫ് എഡിറ്റർ
ഡോ.കെ.ശ്രീകുമാർ
എഡിറ്റർ
അഞ്ജലി രാജീവ്

പത്രാധിപസമിതി
ഡോ.കെ.വി.തോമസ്
സുരേഷ് ഇ.പി.
സുഷമകുമാരി കെ.
ഷീബ മുരളീധരൻ
മിനി അനിൽ
അനൂപ് എം.പി.

ടൈപ്പ് സെറ്റിംഗ്
പ്രസീദ എം.
ലിജി.ടി.കെ.

ലേ ഔട്ട് & കവർ ഡിസൈനിംഗ്
സുബിൻ യുവ

217(4-2024)a.o.e

**POORNASREE MONTHLY, POORNA PUBLICATIONS** TBS Building, G H Road, Kozhikode-673001, Ph: 9656000373,0495-2721025, 2720085
email: poornapublicationeditor@gmail.com Web: tbsbook@gmail.com
Branches: Kalpetta: Main Road, Ph: 04936-203842,
Thiruvananthapuram: Statue Jn. Ph: 0471-2570504 facebook/poornapublications



# പി. വത്സലയുടെ ആസ്തി

## സച്ചിദാനന്ദൻ

**പി.** വത്സലയുടെ സാഹിത്യ സംഭാവനകളെക്കുറിച്ച് പല പഠനങ്ങളും ഇതിനകം നടന്നിട്ടുണ്ട്, ഇനിയും നടക്കും എന്നും ഉറപ്പാണ്. ആ വലിയ എഴുത്തുകാരിയെ ആദരിക്കാനുള്ള ഒരു സംരംഭം ആണ് ഈ സമാഹാരം.

ഒരു എഴുത്തുകാരൻ/കാരി ഭൗതികമായി ഇല്ലാതാകുമ്പോൾ എന്നെപ്പോലെ ആ ഇല്ലാതാകലിന്റെ വക്കിൽ നിൽക്കുന്ന ഒരാൾ ആലോചിക്കുക അവരുടെ സംഭാവനകളിൽ വരുംതലമുറകൾക്കായി ബാക്കി നിൽക്കുന്നത് എന്താണ് എന്നാണ്. വത്സലയുടെ ഓരോ കൃതിയും സവിശേഷ പഠനം അർഹിക്കുന്നുണ്ട് എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. അങ്ങിനെ ചിലത് ഈ സമാഹാരത്തിൽത്തന്നെ ഉണ്ടുതാനും. അതു കൊണ്ട് ഈ കുറിപ്പിൽ ഞാൻ ശ്രമിക്കുന്നത് പി വത്സല എന്ന എഴുത്തുകാരിയുടെ സമഗ്രസംഭാവനയിൽ ഏതു അംശം, അഥവാ അംശങ്ങൾ ആണ് വരും തലമുറകളെ പ്രചോദിപ്പിക്കാൻ ഇടയുള്ളത് എന്ന് കണ്ടെത്താൻ മാത്രമാണ്.


ഒന്നാമതായി  തനിക്കു മുൻപോ പിൻപോ ഉള്ള എഴുത്തുകാരുമായി താരതമ്യം ചെയ്യാൻ പ്രയാസമായ ഒരു തരം അദ്വിതീയത  വത്സല സൃഷ്ടിച്ച ലോകത്തിനു ഉണ്ട് എന്നതാണ്, അതെ

സമയം സ്വാഭാവികമായും ചില അംശങ്ങളിൽ തുടർച്ചയും. സ്വന്തം പ്രതിഭ കൊണ്ട് പാരമ്പര്യത്തെ അൽപ്പമൊന്നു മാറ്റുകയാണ് വലിയ എഴുത്തുകാർ ചെയ്യുന്നത് എന്ന് പറയാറുണ്ട്. ആ രീതിയിൽ നോക്കിയാൽ മലയാളത്തിലെ സ്ത്രീരചനകളിലെ ഒരു സംക്രമണമുഹൂർത്തം ആയിരുന്നു വത്സല എന്ന് കാണാം- ലളിതാംബികാ അന്തർജനത്തിൽ നിന്ന് സാറാ ജോസഫിലേക്ക് പോകുന്ന വഴിയിൽ, മാധവിക്കുട്ടിക്ക് സമാന്തരമായ ഒരു ആഖ്യാനലോകം നിർമ്മിച്ച, പി വത്സലയെ ആണ് നാം കണ്ടു മുട്ടുക. കൃതികൾ എടുത്തു പറയുകയാണെങ്കിൽ 'അഗ്നിസാക്ഷി'യിൽ നിന്ന് 'ബുധിനി'യിലേക്ക് പോകുന്ന വഴിയിൽ നാം 'ആഗ്നേയം' കാണുന്നു എന്ന് രൂപകാത്മകമായി പറയാം.

രണ്ടാമതായി, വത്സല ഒരേ സമയം സ്ത്രീയുടെയും പ്രകൃതിയുടെയും കഥാകാരിയാണ്. 'ആഗ്നേയ'ത്തിലെ നങ്ങേമ, 'നിഴലുറങ്ങുന്ന വഴികളി'ലെ മാധവി, 'കൂമൻകൊല്ലി'യിലെ കെമ്പി തുടങ്ങിയ അനശ്വരരായ സ്ത്രീകഥാപാത്രങ്ങളെ അവർ സൃഷ്ടിച്ചു . അവരുടെ കൃതികളിൽ പ്രകൃതി വളരെ സ്വാഭാവികമായാണ് കടന്നു വരുന്നത്, പരിസ്ഥിതിയെക്കുറിച്ചുള്ള അക്കാദമികമായ വിജ്ഞാനത്തിൽ നിന്നല്ല, നേരിട്ടുള്ള അനുഭവത്തിൽ നിന്നാണ് പ്രകൃതിയും അത് സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയും വനശൂന്യമായ ലോകത്തിന്റെ നഗ്നതയും എല്ലാം അവരുടെ പ്രമേയം ആകുന്നത്. സ്ത്രീയും പ്രകൃതിയുമായുള്ള ജൈവബന്ധം ധാരാളമായി പഠിക്കപ്പെട്ട ഒരു കാലത്താണ് നാം. ആ ജൈവികത നാം വത്സലയുടെ കൃതികളിൽ അനുഭവിക്കുന്നു.പ്രകൃതി ഇവിടെ ഭൂമിയുടെ ഒരു സൗന്ദര്യസംവർദ്ധകവസ്തു അല്ല, അത് വന്യവും സ്വാഭാവികവുമായ ഒരു സാന്നിദ്ധ്യമാണ് , ജീവന്റെ പ്രഭവവും ഊർജ്ജവുമാണ്. താൻ ഒരു ഫെമിനിസ്റ്റ് ആണെന്ന ഭാവമൊന്നും വത്സലയിൽ കാണില്ല, പക്ഷെ അവരുടെ സ്ത്രീകഥാപാത്രങ്ങൾ സഹനവും പ്രതിരോധവും കൊണ്ട് സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു.

മൂന്നാമതായി, ദയ അല്ല, സഹാനുഭൂതിയാണ് വത്സലയെ നയിക്കുന്നത്, അവർ കഥാപാത്രങ്ങളുമായി സാത്മ്യം പ്രാപിക്കുകയാണ്, അകന്നു നിന്ന് അവതരിപ്പിക്കുകയല്ല. വയനാടൻ ജീവിതത്തിന്റെയും പ്രകൃതിയുടെയും പ്രകൃതി വിനാശത്തിന്റെയും സത്യസന്ധമായ രേഖകൾ ആണ് വത്സലയുടെ രചനകൾ. സാക്ഷിയുടെ നിസ്സംഗതയെക്കാൾ അനുഭവസ്ഥയുടെ വൈകാരികതയാണ് അവയെ സജീവമാക്കുന്നത്.

നാലാമതായി, മലയാളത്തിന്റെ ആഖ്യാനസാഹിതിയിലെ ചില മൗനങ്ങളെ വത്സലയുടെ കൃതികൾ പൂരിപ്പിച്ചു. തകഴി, കേശവദേവ്, പൊൻകുന്നം വർക്കി തുടങ്ങിയവരുടെ റിയലിസം അവരുടെ കൃതികളിൽ ഉണ്ട്. വ്യക്തമായ കീ



*സച്ചിദാനന്ദൻ*

ഴാളാനുഭവമാണ് വത്സലയുടെ പ്രമേയപ്രഭവം. നിഴലുറങ്ങുന്ന വഴികൾ, നെല്ല്, കൂമൻകൊല്ലി,, ആഗ്നേയം, ചാവേർ, വിലാപം ഇവയിലെല്ലാം തികച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു എഴുത്തുകാരിയെ കാണാം, അതേസമയം ഭാഷാകലയെന്ന നിലയിലുള്ള സാഹിത്യത്തെ അവർ ത്യജിക്കുന്നുമില്ല.

അഞ്ചാമതായി, സാഹിത്യം ജനാധിപത്യപരമായ ഒരു സർഗ്ഗപ്രവർത്തനം ആണെന്ന് വത്സല എന്നും കരുതി. അദൃശ്യമായതിനെ ദൃശ്യമാക്കുകയും കേൾക്കാതിരുന്ന ശബ്ദങ്ങൾ കേൾപ്പിക്കുകയുമാണ് ജനാധിപത്യത്തിന്റെ ധർമ്മം എങ്കിൽ, കൃത്യമായും അതാണ് വത്സലയുടെ കൃതികൾ ചെയ്തത്. കെമ്പിയെപ്പോലുള്ള കഥാപാത്രങ്ങളിലൂടെ ആദിവാസികളുടെ സാമ്പത്തികവും ലൈംഗികവുമായ ചൂഷണം തുറന്നു കാണിക്കുക വഴി, പീഡിതരുടെ അനുഭവത്തിന്റെ ഒരു പുതിയ ഭൂവിഭാഗത്തിലേയ്ക്ക് അനുവാചകരെ അവർ നയിച്ചു.

എഴുത്തുകാരി എന്ന നിലയിൽ വിശാലമായ അർത്ഥത്തിൽ അവർ എന്നും ഇടതുപക്ഷത്തായിരുന്നു. അത് വർഗ്ഗവീക്ഷണത്തോടൊപ്പം ഗാന്ധിയുടെയും നെഹ്രുവിന്റെയും ഹ്യൂമനിസവും ദേശീയവീക്ഷണവും ഉയർത്തിപ്പിടിച്ചു. ആദിവാസികൾക്ക് വേണ്ടി അവർ വലിയ സ്വപ്നങ്ങൾ കണ്ടു. സാഹിത്യത്തെ വെറും ഉപഭോഗം ആക്കുന്ന കൺസ്യൂമറിസത്തിൽ നിന്ന് അവർ ആ കലയെ രക്ഷിച്ചു. സ്വന്തം വഴി കണ്ടെത്തി അന്ന് പ്രബലമായിരുന്ന ആധുനികതയുടെ മുഖ്യധാരയെ വെല്ലുവിളിച്ചു. മൗലികതയെ പുനർനിർവചിച്ചു.

●



സി. രാധാകൃഷ്ണൻ

# ഉറങ്ങുക കൃതാർത്ഥതയോടെ

പാപം ചെയ്ത ആത്മാക്കളാണ് ഏറെക്കാലം ജീവിച്ചിരിക്കുന്നത് എന്നൊരു നാടൻ ചൊല്ലുണ്ട്. ദീർഘായുസ്സ് ആയിരിക്കട്ടെ എന്ന അനുഗ്രഹം ആശാസ്യമാണ് എന്ന ധാരണ നിലനിൽക്കെ തന്നെ ഇങ്ങനെയൊരു ചൊല്ലിന് എന്ത് സാംഗത്യം എന്ന് ഞാൻ അത്ഭുതപ്പെട്ടിരുന്നു. കഴിഞ്ഞ അഞ്ചാറു വർഷങ്ങളായി എനിക്ക് കാര്യത്തിന്റെ പൊരുൾ സങ്കടകരമാംവിധം മനസ്സിലായി വരുന്നു.

നമുക്ക് പ്രിയപ്പെട്ടതും നമ്മുടെ സ്വത്വപരിധിയുടെ ഭാഗങ്ങളുമായ പലരും നമുക്ക് പ്രായമാകുംതോറും ഓരോരുത്തരായി വിട്ടുപോകുന്നു. അതായത് കാണപ്പെടാത്തതെങ്കിലും കാര്യപ്പെട്ട അവയവങ്ങൾ അറ്റു പോകുന്നു. കുറേശ്ശെ കുറേശ്ശെയായി നാം ഒറ്റപ്പെടുന്നു എന്ന ബോധം നമ്മെ ഭരിക്കാൻ തുടങ്ങുന്നു. ഉവ്വ്, പുതിയ ബന്ധങ്ങളും പരിചയങ്ങളും ഒക്കെ ഉണ്ടാകും. പക്ഷേ അവയൊന്നും പഴയ വേരുകൾക്ക് പകരം ആകില്ല! സുകൃതികൾ നീണ്ടു വാഴുകയില്ല എന്ന് മഹാകവി ആശാനും പറയുന്നുവല്ലോ. സ്വജീവിതത്തിന്റെ പരിണതിയിലൂടെ അദ്ദേഹം അത് തെളിയിക്കുകയും ചെയ്തു!

ഈ അടുത്തിടെയായി എനിക്ക് ഇങ്ങനെ ഏറെ പേരെ നഷ്ടമായി. ഇതാ ഇപ്പോൾ ഒരു പിറക്കാത്ത പെങ്ങൾ ആയിരുന്ന വത്സലയെയും.

ഞങ്ങൾ തമ്മിൽ ഏതാനും മാസങ്ങളുടെ പ്രായവ്യത്യാസമേ ഉള്ളൂ. ഞാൻ എഴുതാൻ തുടങ്ങി ഏറെ താമസിയാതെ അവരും തുടങ്ങി. വയനാടൻ പച്ചയും കുളിർമയും തനിമയും ഉള്ള എഴുത്ത്. ഒരു സ്ത്രീജന്മത്തിന്റെ ഭാവുകത്വ സമൃദ്ധി.

ആദ്യമായി കണ്ടുമുട്ടിയത് എവിടെവച്ച് ആണെന്ന് എനിക്കിപ്പോഴും ഓർമയുണ്ട്. അറുപതുകളുടെ മധ്യത്തിൽ കൊല്ലംകോട് വെച്ച് നടന്ന കേരള സാഹിത്യ സമിതിയുടെ ക്യാമ്പിൽ. പരിചയപ്പെടുത്തിയത് ഇരുവരുടെയും അനൗപചാരിക ഗുരുനാഥനായ എൻ. വി. കൃഷ്ണ വാരിയർ.

വളവും വെള്ളവും ആരും ബോധപൂർവ്വം നൽകാതെ കാട്ടിൽ വളരുന്ന മരം പോലെ ആ ബന്ധം വളർന്നു പന്തലിച്ചു.

എന്നെ ആദ്യമായി ആകർഷിച്ച അവരുടെ സ്വഭാവ ഘടകം ആരെയും ഒന്നിനേയും ഭയമില്ലായ്മ ആയിരുന്നു. അതേസമയം തന്റെ പരിമിതികളെക്കുറിച്ച് തികഞ്ഞ ബോധവും ഉണ്ടായിരുന്നു. കടുംപിടിത്തങ്ങളോ ശാഠ്യങ്ങളോ ഇല്ല. ഒരു ആശയത്തിന് നേരെയും വാതിൽ അടയ്ക്കുക പതിവില്ല. അതേസമയം അത്യാവേശം ഒരു കാര്യത്തിനും ഇല്ലാതാനും.

കൂടുതൽ അടുത്ത് ഇടപഴകാൻ അവസരം ലഭിച്ചത് ഒരുമിച്ച് സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ വന്നപ്പോഴാണ്. തൻകാര്യമോ പക്ഷഭേദമോ കൂടാതെ ഏതു വിഷയത്തിലും നീതിയുക്തവും പ്രായോഗികവുമായ പോംവഴി കണ്ടുപിടിക്കാൻ അവർക്ക് എളുപ്പമായിരുന്നു. കാട്ടിൽ വഴി കാണുന്ന ലാഘവത്തോടെ. ഇത് പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ലോക കാര്യങ്ങളിൽ ഏറെ പരിചയസമ്പന്നരായ ഒരുപാട് പേർ ഭരണ സമിതിയിൽ വേറെ ഉണ്ടായിരുന്നു. പക്ഷേ ഇവരുടെ പ്രായോഗിക ബുദ്ധി ഒന്ന് വേറെ!

കാലത്തോടൊപ്പം അവരും വളർന്നു. കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷയായി. അതിനുമുമ്പ് തന്നെ കേരള സാഹിത്യ സമിതിയുടെ അധ്യക്ഷയായിരുന്നു. ഏറ്റെടുക്കുന്ന ഏത് ചുമതലയും ശുഷ്കാന്തിയോടെ അവർ നിറവേറ്റി. ശത്രുക്കൾ ആരും ഉണ്ടായിരുന്നില്ല.

നേരും നെറിവുമില്ലാതെ പെരുമാറുകയോ സംസാരിക്കുകയോ ചെയ്യുന്ന ആരോടും ഇവർ വിട്ടുവീഴ്ചയ്ക്ക് തയ്യാറില്ലായിരുന്നു. ഏറ്റവും ഇഷ്ടപ്പെടാത്ത കാര്യം അൽപ്പത്തം എന്ന് പറയപ്പെടുന്ന നിലപാടായിരുന്നു.

ഒരു എഴുത്തുകാരി എന്ന നിലയിൽ ഭാവന എത്ര ഉയരെ പറക്കുമ്പോഴും കാല് നിലത്തു തന്നെ ഉറച്ചിരിക്കും.

പുരുഷനും സ്ത്രീയും തമ്മിൽ അമ്മയോ അച്ഛനോ ആയിരിക്കുന്ന അവസ്ഥകൾ തമ്മിലുള്ള അന്തരമേ അവർ കണ്ടുള്ളൂ. കുടുംബത്തിന്റെ കടയും തലയും പിടിക്കുന്നവർ എന്നതിൽ കവിഞ്ഞ് ഒരു വലുപ്പച്ചെറുപ്പവും ആ സ്ഥാനങ്ങൾ തമ്മിൽ അവർ കൽപ്പിച്ചില്ല. സ്ത്രീയും പുരുഷനും പരസ്പരം ആധിപത്യത്തിനുവേണ്ടി മത്സരിക്കേണ്ടവരാണ് എന്ന് അവർ കരുതിയില്ല.

പ്രത്യക്ഷത്തിൽ എത്ര ആകർഷകം ആയിരുന്നാലും ഒരു ആശയത്തോടും അവർ പൊടുന്നനെ വിധേയത്വം കൈക്കൊണ്ടില്ല. വിഴുങ്ങുന്നതിനു മുമ്പ് വേണ്ടത്ര ചവച്ചരക്കാനും രുചിച്ചുനോക്കാനും സമയമെടുത്തു. കരുതലോടെയാണ് പുറംലോകവുമായി ഇടപെട്ടത്. അതേസമയം, ജനവാസം കുറവായ ഒരു ലോകത്ത് ജനിച്ചു വളർന്ന ആൾക്ക് മനുഷ്യസമ്പർക്കത്തിനുള്ള സ്വാഭാവിക ആവേശം അവരിൽ എന്നും പ്രകടവും ആയിരുന്നു.

മനുഷ്യരോടുള്ള അവരുടെ സ്നേഹമോ മൊത്തം പ്രകൃതിയോടുള്ള സ്നേഹത്തിന്റെ ഒരു ഘടകം മാത്രം. പ്രകൃതിയിലെ വന്യതയെയും രൂക്ഷതയെയും വന്യമൃഗങ്ങളുടെ ക്രൂരതയെ പോലും അവർ സഹാനുഭൂതിയോടെ നോക്കിക്കണ്ടു. വയനാട്ടിലെ തന്റെ വീട്ടിൽ വിരുന്നു വരാറുള്ള കൊമ്പനാനകളെ കുറിച്ച് അവർ വാത്സല്യത്തോടെയാണ് പറയുക. പരക്കാനുള്ള വെള്ളത്തിന്റെ പ്രവണത പോലെ, ഒഴുകാനുള്ള കാട്ടരുവിയുടെ ഇഷ്ടംപോലെ, മഞ്ഞിന്റെ മൂടുപടമിടാനുള്ള കൊടുമുടിയുടെ കൗതുകം പോലെ അവരിലെ പ്രകൃതിസ്നേഹം പ്രകടമായി. അതായിരുന്നു ഒരർത്ഥത്തിൽ അവരുടെ സൃഷ്ടിപരതയുടെ അടിസ്ഥാനം. അവിടെ നിലയുറപ്പിച്ച എഴുത്തുകാർ നമുക്ക് വേറെ ആരും ഉണ്ട് എന്ന് തോന്നുന്നില്ല.

മനുഷ്യബന്ധങ്ങൾക്ക് ഇത്രയേറെ വില കൽപ്പിച്ച മറ്റൊരു വ്യക്തിത്വവും നമ്മുടെ എഴുത്തുകാർക്കിടയിൽ എന്റെ അറിവിൽ ഇല്ല. അതുപോലെ ഇടപെടലുകളിലുള്ള അവരുടെ സത്യസന്ധതയും സഹാനുഭൂതി കലർന്ന അന്യപക്ഷ പരിഗണനയും അനന്യം തന്നെ.

ഏത് പരീക്ഷണവും വിജയിപ്പിക്കാനുള്ള പരിശ്രമത്തിൽ അക്ഷീണമായി മുഴുകാൻ അവർക്കുള്ള കഴിവും അനന്യം. ഇതും വനസ്ഥലികളിൽ ജീവിക്കുന്നവർക്ക് സ്വാഭാവികമായി കൈവരുന്നതാണെങ്കിലും എഴുത്തിലേക്ക് വരുമ്പോൾ ഇത് വലിയ ആത്മബല പരീക്ഷണമായാണ് തീരുന്നത്. അവർ ഏറെ എഴുതാതിരുന്നത് ഇതുകൊണ്ട് തന്നെ. പക്ഷേ, മതി, തന്നിട്ട് പോയത് തന്നെ ധാരാളം. ഒക്കെ കനമുള്ള കതിരുകൾ.

ആർത്തു വിളിക്കുന്നവരെ മാത്രം കാണുകയും പരിഗണിക്കുകയും ചെയ്യുന്ന കാലത്ത് ഇത്തരം ആളുകൾ പുറകോട്ട് തള്ളപ്പെടുന്നു. അതും അങ്ങനെയിരിക്കട്ടെ. ആരവങ്ങളും എഴുന്നള്ളിപ്പുകളും അടങ്ങുമ്പോൾ കുന്നിൻ പുറങ്ങളിൽ മഞ്ഞ് നീങ്ങുമ്പോൾ എന്നപോലെ കാര്യങ്ങൾ തെളിയും എന്നതിൽ എനിക്ക് നല്ല ഉറപ്പുണ്ട്.

എന്തൊക്കെയായാലും ഈ ആളെ ഇനി സങ്കല്പത്തിൽ അല്ലാതെ കാണാനാവില്ല എന്ന വേദന അവരെ അടുത്തറിഞ്ഞ എല്ലാവർക്കും ഉണ്ടാവും തീർച്ച.

'അല്ലപ്പാ! ഇതെന്ത് കളി? ഇങ്ങടെ ഒച്ച കേട്ട കാലം മറന്നല്ലോ!' എന്ന് ഒരു കുസൃതിച്ചിരിയോടെ സ്നേഹപരിഭവം പറയാൻ ഇനി ആ ശബ്ദം ഇല്ല.

ഇപ്പോൾ എന്റെ സങ്കല്പത്തിൽ ഉള്ളത് നിതാന്തശാന്തതയിൽ ഉറങ്ങുന്ന ഒരു കൊച്ചു പെങ്ങളുടെ മുഖം. ചെറിയ ഏതോ കാട്ടുപൂവിന്റെ മഞ്ഞിൽ കുതിർന്ന ചിരി അപ്പോഴും.

ഉറങ്ങുക, പെങ്ങളേ, കൃതാർത്ഥതയോടെ!

●




# വാത്സല്യം

പി. വത്സലയെ ഓർക്കുമ്പോൾ

എഡിറ്റർ : **പ്രദീപ് മാനന്തവാടി**

എം.ടി വാസുദേവൻ നായർ, സി. രാധാകൃഷ്ണൻ,
എം.കെ. സാനു തുടങ്ങിയവർ മുതൽ
കൊച്ചുമകൾ മനിഷ വരെയുള്ളവർ
പി. വത്സലയെ ഓർമിക്കുന്നു.

ഓർമ്മ

വില: ₹ ~~300.00~~
₹ 240.00

# കാലാകാവലാൾ

**പി. വത്സല**

പി.വത്സലയുടെ
13 കഥകളുടെ സമാഹാരം




നോവൽ

₹ 140.00

കഥ

# ഊഴം



**യു.കെ. കുമാരൻ**

മരണവീട്ടിൽ പോവുക എന്നത് അയാളെ സംബന്ധിച്ചിടത്തോളം ഏറ്റവും അസ്വാസ്ഥ്യജനകമായ ഒരനുഭവമായിരുന്നു. ആളുകൾ കൂടിനിൽക്കുന്ന ഒരിടത്തേക്കായിരിക്കും കയറിച്ചെല്ലേണ്ടത്. ആദ്യം കാണുക അവിടെ കൂടിനിൽക്കുന്നവരുടെ മുഖങ്ങളാണ്. ദുഃഖമാണ് പലരുടെയും മുഖങ്ങളിൽ ഉണ്ടാവുക. ചിലരിൽ മാത്രം ഒരുതരം നിസ്സംഗതയും ദൃശ്യമാകും. എന്നാൽ എല്ലാവരുടെയും മുഖത്ത് ഒരുപോലെ അദൃശ്യമായി കാണപ്പെടുന്ന ഒരു വികാരം ഉത്കണ്ഠയായിരുന്നു. അവിടെ നിൽക്കുന്നവരെല്ലാം ഒരു ഉത്തരം കാത്തുനിൽക്കുന്നവരാണന്നും അയാൾക്ക് തോന്നിയിരുന്നു. അടുത്തത് ആരാണ്? എന്നാലോ അവരാരും അതൊന്നും പ്രകടിപ്പിക്കുന്നുമില്ല. ഇത്തരമൊരവസ്ഥകളിലൂടെ മൃതദേഹത്തിന് അടുത്തെത്തുമ്പോൾ, അയാളുടെ മനസ്സിന്റെ അവസ്ഥ വീണ്ടും സങ്കീർണമാവുന്നു.

മൃതദേഹത്തോട് എങ്ങനെയാണ് ആദരവു കാട്ടുക. റീത്തുകൾ വെക്കുമ്പോഴുള്ള പ്രകടനപരത അയാളെ എന്നും മുഷിപ്പിച്ചിരുന്നു. ഇതൊരു നാട്യമാണ്. നടുക്ക് എഴുതിയ പേര് എല്ലാവരെയും കാട്ടി ആളുകൾക്കിടയിലൂടെ റീത്തും പൊക്കിപ്പിടിച്ചു മൃതദേഹത്തിനു സമീപത്തേക്ക് സമീപിക്കുന്ന കാഴ്ച അരോചകമല്ലാതെ എന്താണ്?

മരണവീടിന്റെ മുറ്റത്ത് ഒഴിഞ്ഞ ഒരിടത്ത് കസേരയിലിരുന്നു അയാൾ ഇതിന്റെ ഓരോ ദൃശ്യവും കാണുകയായിരുന്നു. വീട്ടിലെ ഏറ്റവും മൂത്ത ആളാണ് മരിച്ചിരിക്കുന്നതെന്ന് ആരോ പറയുന്നത് കേട്ടു. അവിചാരിതമായ ഒരു മരണമായിരുന്നുവത്രെ അത്. അയാൾക്ക് ധാരാളം കൃഷിയുണ്ടായിരുന്നു. തൊഴുത്തിൽ നിറയെ പശുക്കളും. എല്ലാം ഉപേക്ഷിക്കപ്പെട്ടു പോവുന്ന അവസ്ഥയിൽ, എന്തായിരിക്കും ഇവയുടെ അവസ്ഥ? നോക്കാനാളില്ലാതെ കൃഷി നശിക്കും. ഗൃഹനാഥനെ കാണാതെ തൊഴുത്തിൽ നിന്നും പശുക്കൾ അമറിത്തുടങ്ങിയിരിക്കുന്നു. ഓരോ മരണവും സൃഷ്ടിക്കുന്നത് എത്ര വലിയ വിടവുകളാണ്. തൊട്ടടുത്തു വന്നിരുന്ന ആൾ പറഞ്ഞു:

‘‘വല്ലാത്തൊരു മരണമായിപ്പോയി, ആരും പ്രതീക്ഷിക്കാത്ത ഒന്ന്.’’

അയാൾ അടുത്തുവന്നിരുന്ന ആളെ നോക്കി.

‘‘അദേന്ന്, എങ്ങനെ നടന്ന മനുഷ്യനാണ്. ഇന്നാട്ടിലെ കിരീടംവെക്കാത്ത രാജാവായിരുന്നില്ലേ? പറഞ്ഞിട്ടെന്താണ്? വിളിച്ചാൽ പോവാതിരിക്കാൻ പറ്റുമോ?’’

അയാൾ ഒന്നും മിണ്ടിയില്ല. കാരണം മരിച്ച ആളെപ്പറ്റി ഒന്നും അയാൾക്കറിയില്ലായിരുന്നു. ഒരുപക്ഷേ, പതിവുപോലെ ഇങ്ങനെ നടന്നുപോവുമ്പോൾ, ഒരാൾക്കൂട്ടം കണ്ടു കയറിനോക്കി എന്നു മാത്രം. മൗനം വീടിന്റെ ഒരു മേലാപ്പായി തൂങ്ങിനിൽക്കുന്നതു കണ്ടപ്പോഴാണ് അതൊരു മരണവീടാണ് എന്നയാൾ തിരിച്ചറിഞ്ഞത്. പിന്നീട് അയാൾ ആലോചിച്ചത് ആരാണ് തന്നെ ഇവിടെ എത്തിച്ചത് എന്നായിരുന്നു. തനിക്ക് ഇവിടേക്ക് വരേണ്ട ഒരാവശ്യവും ഇല്ലായിരുന്നു. അവിടെ നിൽക്കുന്നവരുടെ മുഖം ഏതോ ഊഴവും കാത്ത് നിൽക്കുന്നവരുടേതുപോലുള്ളതായിരുന്നു. അന്നേരമാണ് അയാൾ ഓർമിച്ചത് തന്റെ മുഖഭാവം എങ്ങനെയായിരിക്കും. അതോർത്തപ്പോൾ അയാൾക്കു തളർച്ച തോന്നി. പിന്നെ മുന്നോട്ടോ പിന്നോട്ടോ നടക്കാൻ കഴിയാതായപ്പോൾ അയാൾ ഒരിടത്ത് ഇരിപ്പുറപ്പിച്ചു.

പെട്ടെന്ന് അകത്തുനിന്നും ഒരു നിലവിളി കേട്ടു. അന്നേരം തൊട്ടടുത്തു നിന്നയാൾ സൂചി

പ്പിച്ചു.

''ഓ, കുളിപ്പിക്കാൻ എടുത്തിരിക്ക്യാണ്.''

പിന്നെ തെല്ല് ആശ്വാസത്തോടെ പറഞ്ഞു:

''എല്ലാം പെട്ടെന്ന് കഴിയൂന്ന് തോന്നുന്നു. ഇനി ആരെയും കാത്തിരിക്കേണ്ടല്ലോ?''

അതു പറഞ്ഞിട്ടയാൾ തൊട്ടടുത്ത കസേരയിൽ വന്നിരുന്നു. പിന്നെ ചോദിച്ചു:

''നിങ്ങളുമായുള്ള ബന്ധം?''

പറഞ്ഞതു മനസ്സിലാവാതെ അയാൾ ചോദ്യഭാവത്തിൽ അപരനെ നോക്കി.

''മരിച്ചയാളുമായി എന്താ ബന്ധം...''

''ഒന്നുമില്ല.''

''ഒരു കണക്കിൽ നന്നായി.''

പിന്നെ ശബ്ദം താഴ്ത്തി ഒരു രഹസ്യമെന്നോണം അയാൾ പറഞ്ഞു: ''ഇയാളായിരുന്നു വീരൻ, ഇന്നാട്ടിലെ ഒരൊറ്റ പെണ്ണിനേം വെറുതേ വിടില്ലായിരുന്നു. എല്ലായിടത്തും കുറേ മക്കളുമുണ്ട്. അങ്ങനെ നോക്കിയാൽ ഇവിടെ ഇത്രയും ആളെ മാത്രം കണ്ടാൽ പോര.''

അതു കേൾക്കാൻ താത്പര്യമില്ലാത്ത മട്ടിൽ അയാൾ മറ്റെന്തോ ശ്രദ്ധിച്ചു. തെല്ലിട കഴിഞ്ഞു. മറ്റേതോ ഒരു രഹസ്യം പറയാനെന്നോണം അപരൻ പറഞ്ഞുതുടങ്ങി:

''മരണവീട്ടിൽ വരുന്നതിൽ ഒരപകടമുണ്ട്. ഇവിടെ വരുന്ന ആരെങ്കിലുമൊരാളെ മരണം കണ്ടുവെക്കുമെന്നാണ് ചൊല്ല്. ഏതെങ്കിലും തരത്തിൽ അതു വേണ്ടപ്പെട്ടവരെ സ്പർശിച്ചിരിക്കും. കാറ്റായിട്ടോ, വെള്ളമായിട്ടോ, ഗന്ധമായിട്ടോ, മറ്റോ. പിന്നെ അടുത്ത ഊഴം അയാളുടേതായിരിക്കും.''

അപരന്റെ വാക്കുകളിൽ താത്പര്യം തോന്നിയതുകാരണം അയാൾ ശ്രദ്ധിക്കാൻ തുടങ്ങി, തനിക്ക് നേരത്തെ തോന്നിയ ഒരു കാര്യമാണ് തൊട്ടടുത്തിരിക്കുന്നയാൾ പറഞ്ഞുതുടങ്ങിയത്. അയാൾ അവസാനിപ്പിച്ചില്ല ''കഴിഞ്ഞ ആഴ്ച ശങ്കരൻകുട്ടി മരിച്ചപ്പോൾ, ഇപ്പോൾ കുളിപ്പിക്കാൻ എടുത്തയാളും പോയിരുന്നു. അന്നേരം കോടിമുണ്ടിന്റെ ഒരറ്റം എങ്ങനയോ കാറ്റിൽ പൊന്തി ഇയാളുടെ മുഖത്തുരസി. ഞാൻ മാത്രമേ അതു കണ്ടിരുന്നുള്ളൂ. അപ്പോൾ ഉറപ്പിച്ചതാണ് അടുത്ത ഊഴം ഇയാളുടേതുതന്നെയാണെന്ന്. എന്താ എന്റെ നിമഗനം ശരിയായില്ലേ.''

അപരൻ അഭിമാനത്തോടെ പറഞ്ഞു നിർത്തി. ആ വാക്കുകളിൽ അയാൾക്കും നല്ല വിശ്വാസമുണ്ടായിരുന്നു. അന്നേരം അയാൾ അവിടെ കൂടിയിരിക്കുന്ന എല്ലാവരേയും നോക്കി. ഇതിലാർക്കായിരിക്കും അടുത്ത ഊഴം? അവിടെ ഇരിക്കേണ്ട ഒരാവശ്യവുമില്ല. ഇരിക്കണമെന്ന് തോന്നുന്നുമില്ല. പിന്നെ എന്തുകൊണ്ടാണ് താൻ പോവാത്തത്? എഴുന്നേറ്റു പോവാൻ കഴിയാത്ത ഏതോ ഒരവശത തന്നെ ബാധിച്ചിരിക്കുന്നതായും അയാൾ അറിഞ്ഞു.

അപ്പോഴാണ് കാലിൽ എന്തോ നനവിന്റെ സ്പർശം അനുഭവപ്പെട്ടത്. അയാൾ കീഴോട്ടു നോക്കി. എവിടെനിന്നോ തുടങ്ങിയ നീർച്ചാല് അയാളുടെ അടുത്തു വന്നുനിൽക്കുന്നു. വളഞ്ഞുപുളഞ്ഞ രേഖപോലെയാണ് അത് ഇത്രയും ദൂരം എത്തിയിരിക്കുന്നത്.

എവിടെനിന്നാണ് ഈ നീർച്ചാല് വരുന്നത്?

വെള്ളത്തിന് ഇളം ചൂടുമുണ്ടായിരുന്നു.

അന്നേരം അടുത്തിരുന്ന ആൾ പറഞ്ഞു:

''അപ്പുറത്തു കുളിപ്പിച്ചുകൊണ്ടിരിക്ക്യാലെ. ആ വെള്ളമാണ് ഇത്രയും ദൂരം ഇഴഞ്ഞെത്തിയത്.''


എന്നിട്ട് വലിയ അനുതാപത്തോടെ അയാളെ നോക്കിക്കൊണ്ടിരുന്നു. പിന്നെ ഭയപ്പാടോടെ അപരൻ എഴുന്നേറ്റു പോവുകയും ചെയ്തു.

●

## പൂർണയിലേയ്ക്ക് രചനകൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

'പൂർണ'യിലേയ്ക്ക് പ്രസിദ്ധീകരണാർത്ഥം രചനകൾ അയയ്ക്കുന്നവർ അവയുടെ കോപ്പി സൂക്ഷിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത രചനകൾ ഒരു കാരണവശാലും തിരിച്ചുതരുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: പബ്ലിക്കേഷൻ വിഭാഗം, പൂർണ പബ്ലിക്കേഷൻസ്, ടി.ബി.എസ്. ബിൽഡിങ്സ്, ജി.എച്ച്. റോഡ്, മുതലക്കുളം, കോഴിക്കോട് – 1. ഫോൺ: 7560822223.

# കഥകളുടെ മഹാപ്രപഞ്ചം




## യു.കെ. കുമാരന്റെ
## സമ്പൂർണ്ണകഥകൾ

**വൈവിധ്യമാർന്ന കാലദേശങ്ങളെ ഉൾക്കൊള്ളുന്ന 112 കഥകളുടെ ബൃഹദ് സമാഹാരം!**

**പഠനം : ഡോ. രാജേന്ദ്രൻ എടത്തുംകര**

ഹാർഡ് ബൗണ്ട് / ഡീലക്സ് പതിപ്പ് / 800 പേജ്

മുഖവില 1000/-

**പ്രീ ബുക്കിങ് വില 650/- മാത്രം**

available at amazon

Online Bookstore: www.tbsbook.com

PH: 9746473334


## പുസ്തകപ്രകാശനം



പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'യു.കെ.കുമാരന്റെ സമ്പൂർണകഥകൾ' പ്രശസ്ത എഴുത്തുകാരൻ സി. രാധാകൃഷ്ണൻ പ്രകാശനം ചെയ്തു. ഡോ.എൻ. പി. ഹാഫിസ് മുഹമ്മദ് പുസ്തകം ഏറ്റുവാങ്ങി. ഡോ. സി. രാജേന്ദ്രൻ അധ്യക്ഷനായ ചടങ്ങിൽ ഡോ. ശ്രീശൈലം ഉണ്ണികൃഷ്ണൻ, ഡോ. കെ.എസ്. വെങ്കിടാചലം, എൻ. ഇ. മനോഹർ, യു.കെ. കുമാരൻ എന്നിവർ സംസാരിച്ചു.

കവിത

# പ്രകാശിതമായ കണ്ണുകൾ



കയ്യുമ്മു കോട്ടപ്പടി

ഇപ്പോൾ നിങ്ങൾക്ക് എന്നെ കാണാം.
ഞാനിപ്പോൾ ജനൽപാളികൾ അടച്ചിട്ടില്ല
തുറന്ന ജനൽപാളിയിലൂടെ എനിക്ക് കാണാനായത്
രണ്ട് ചിറകുകൾ പറന്നുപോകുന്നതാണ്.
എന്റെ രണ്ടു കണ്ണുകളും ആ ചിറകിൽ കുരുങ്ങിക്കിടപ്പുണ്ട്.
എനിക്കിപ്പോൾ ആകാംക്ഷ ജനിക്കുകയാണ്...
എനിക്ക് കൂട്ടായി വന്ന രണ്ട് പക്ഷികൾ...

പുറത്ത് നിന്ന് നല്ല മണമുള്ള കാറ്റ്
എന്റടുത്തേയ്ക്ക് ഒഴുകിവരുന്നുണ്ട്
പക്ഷെ, ഞാനിപ്പോൾ ഓർക്കുകയാണ്
എന്തിനാണെന്നെ ഇങ്ങനെ
അടച്ചിട്ടിരുത്തിയത്?
എന്റെ മുറിയുടെ ചുമരിൽ
തൂക്കിയിട്ട കലണ്ടറിൽ
അക്കങ്ങൾ തെളിയുന്നത്
എനിക്കിപ്പോൾ കാണാം
ഇതിനുമുമ്പും എത്രയോ
തിയ്യതികൾ മറിഞ്ഞുപോയിട്ടുണ്ടാവാം
നിറംമങ്ങിയ കണ്ണുകളിലിപ്പോൾ പ്രകാശമുണ്ട്.
പക്ഷികൾ എന്നെ ഓർമിപ്പിക്കുന്നുണ്ട്.
ഏകാന്തതയുടെ കാൽപ്പാടുകൾ
പുറത്തേയ്ക്ക് പോയ്മറഞ്ഞു.

ഇപ്പോൾ

അതിരില്ലാത്ത മോഹങ്ങളിൽ
ആഹ്ലാദം തുടിക്കുന്ന വാക്കുകളിൽ
എന്റെ കണ്ണുകൾ പ്രകാശിതമാണ്...
ആ നീലിമയ്ക്കുള്ളിലെ നിറപ്പെയ്ത്താണ്...
അവിടെ ഞാൻ, ഞാൻ മാത്രമാണ്...!

●

വായന

# സ്ത്രൈണവിപ്ലവത്തിന്റെ പുതുഭാഷ്യങ്ങൾ



പ്രവീൺ പിലാശ്ശേരി

**അ**സാധാരണമായ വായനാനുഭവം തന്നെ സാമൂഹിക പ്രവർത്തനമായി പരിവർത്തനപ്പെടുന്ന അപൂർവ്വ സർഗ്ഗാത്മകതയാണ് 'ബാല്യം' എന്ന കഥാസമാഹാരത്തിന്റെ സൃഷ്ടിയിലൂടെ സൽമ യെന്ന റുഖിയ രാജാത്തി സാധ്യമാക്കിയിരിക്കുന്ന ത്. കാരണം ഈ കഥകളിലൂടെ സൂക്ഷ്മസഞ്ചാരം നടത്തുന്നവർ, അതാണായാലും പെണ്ണായാലും, പിന്നെ സാമൂഹികബന്ധങ്ങളെ ഒട്ടൊരു ജാഗ്രത യോടും അനുകമ്പയോടും മാത്രമേ സമീപിക്കുക യുള്ളൂ. തമിഴിൽ എഴുതപ്പെട്ട ഈ കഥകളെ മലയാ ളത്തിലേക്ക് പറിച്ചു നട്ടത് അനുഭവസമ്പന്നനായ കെ എസ് വെങ്കിടാചലമാണ്. കഥാകൃത്ത് പല കാ ലങ്ങളിലായി എഴുതിയ കഥകളെ സ്വതന്ത്രമായി തെരഞ്ഞെടുത്തതാണെങ്കിലും, സമകാലീന സമൂ ഹത്തിൽ അതിമേധാവിത്വം പുലർത്തുന്ന ആണ ധികാരം സാമൂഹികബന്ധങ്ങളെ എത്രമാത്രം വികലമാക്കുന്നെന്നും ഏതെല്ലാം സൂക്ഷ്മമാധ്യമ ങ്ങളിലൂടെ സ്ത്രീകളുടെ ജീവനും ജീവിതത്തിനും അതൊരു ബാധ്യതയായി മാറുന്നെന്നും ഒരു ചൂ ണ്ടുപലക പോലെ വിശദമാക്കുന്ന ഇതിവൃത്തങ്ങ ളാണ് ഈ കഥകൾക്കെല്ലാം പൊതുവേയുള്ളത്.

സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന ഒരു സമൂഹത്തിലെ സ് ത്രീയുടെ അവസ്ഥകളുടെ പ്രതിനിധാനമാണ് ഇതി ലെ മിക്ക കഥകളും. എന്നോ എവിടെയോ താൻ കണ്ട ജീവിതങ്ങളെയാണ് കഥകളും കഥാപാത്ര ങ്ങളുമായി പിൽക്കാലത്ത് പുന:സൃഷ്ടിച്ചതെന്ന് ആമുഖത്തിൽ സൽമ രേഖപ്പെടുത്തുന്നുണ്ട്. തന്റെ തന്നെ അനുഭവങ്ങളും കാഴ്ചപ്പാടുകളും ഭാവനക ളും ചേർത്തായിരിക്കാം ആ ജീവിതങ്ങളെ ഇവിടെ ഇതിവൃത്തമായി വികസിപ്പിച്ചത്. അങ്ങനെയല്ലാ തെ സാഹിത്യസൃഷ്ടികൾ സംഭവിക്കുകയുമില്ല. ബാല്യം മുതൽക്കു തന്നെ ഏറ്റവും സാധാരണ മായ സന്തോഷങ്ങൾ നിരസിക്കപ്പെട്ടവളും സ്വന്തം വീടിന്റെ ഉമ്മറത്തുപോലും പ്രവേശനം തിരസ്ക്ക രിക്കപ്പെട്ടവളുമായ ഒരു സ്ത്രീക്ക് തന്റെയീ കഥക ളിലൂടെ ലോകത്തോടും ചുറ്റുമുള്ള ഉറ്റവരോടും രേഖപ്പെടുത്തേണ്ട പരാതികളും പ്രതിഷേധ ങ്ങളും ഉറച്ച ശബ്ദത്തിൽ അറിയിക്കാനാകുന്നു ണ്ട്. എന്നാലതേ സമയത്തു തന്നെ, സ്ത്രീകൾ വ്യക്തിപരമായും ഒരു സമുദായമായും ഏതെ ങ്കിലുമൊരു മത-ദേശ സമുദായത്തിന്റെ ഭാഗ മായുമൊക്കെ നേരിടുന്ന അവഗണനകളും വിവേചനങ്ങളും നാനാവിധമായ ലേഖനങ്ങ ളായും പഠനങ്ങളായും കഥയായും കവിത യായുമൊക്കെ ധാരാളം പുറത്തുവന്നിട്ടുള്ള പ്പോൾ ഈ കഥകളുടെ പ്രസക്തിയെന്തെന്ന സന്ദേഹം എയ്തു വിടാവുന്നതുമാണ്. പക്ഷേ, മനുഷ്യന്റെ വേദനകളും ദുഃഖങ്ങളും എത്രയാവർത്തിച്ചാലും 'പഴയതിന്റെ ആവർ ത്തന'മാകാത്ത നൂതനാനുഭവങ്ങളായിരിക്കും എന്നേ അതിനോട് മറുപടി പറയാനാകൂ. മാ ത്രമല്ല, പിന്നോക്കാവസ്ഥയിലുള്ള തമിഴുഗ്രാമ ങ്ങളിലെ സ്ത്രീജീവിതത്തിന്റെ നേർസാക്ഷ്യ ങ്ങൾ മലയാളികൾക്കത്ര സുപരിചിതവുമല്ല. അതുകൊണ്ടുതന്നെ വിരസമാകാത്ത വായന യുടെ വിശാലലോകങ്ങളിലേക്കാണ് ഇതിലെ ഓരോ കഥയും കൊണ്ടുപോകുന്നതെന്നെടു ത്ത് പറയാനാകും.

എഴുതാനറിയുന്ന മകൾ വായിക്കാനറി യാത്ത സ്വന്തം അമ്മയ്ക്ക് എഴുതുന്ന കത്തി ന്റെ രൂപത്തിലാണ് 'പ്രിയപ്പെട്ട അമ്മയ്ക്ക്' എന്ന കഥ രൂപപ്പെടുത്തിയിരിക്കുന്നത്. ആരും മോചിതരല്ലാത്ത ആണധികാരവ്യവസ്ഥിതി യിൽ ഇരകളായി തുടരുമ്പോൾ പോലും അതിന്റെ കാര്യകർത്താവായി (Agent) സ് ത്രീ സ്വമേധയാ പരിവർത്തനപ്പെടുന്നതിന്റെ രസതന്ത്രം ഇത്ര ഭംഗിയായി വേറെയെവിടെ യും വായിച്ചിട്ടില്ല. സാമൂഹിക പുരോഗതി യിൽ സ്ത്രീയുടെ സ്ഥാനവും പങ്കും സ്വയം വിമർശനത്തിലൂടെ രേഖപ്പെടുത്തുന്ന പ്രക്രി യ കൂടി ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്. കുടുംബ ത്തിലെ സ്നേഹസമ്പന്നയും ത്യാഗനിർഭരയു മായ ഭാര്യയും അമ്മയുമായൊക്കെ വേഷം

കെട്ടി അവസാനം വെറും നെരിപ്പോടുകളായി സ്വയമൊടുങ്ങുമ്പോഴും തന്നെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിയുടെ തന്നെ വായ്ത്തലയാകേണ്ടുന്ന നിർഭാഗ്യം സിദ്ധിക്കുന്നതിൽ ഒരു പ്രധാന ഹേതുവാകുന്നത് അവളുടെ തന്നെ അഹംഭാവവും അരക്ഷിതാവസ്ഥയും ആണെന്ന നിരീക്ഷണം തീർച്ചയായും അർത്ഥവത്താണ്. പ്രകടിപ്പിക്കാനാകാത്ത സ്നേഹം ഒരു ശീലമായി മാറ്റിയെടുത്ത വർത്തമാനസംസ്കാരത്തെ ചൂണ്ടിക്കാണിക്കുന്നതിലൂടെ യാന്ത്രികമായിപ്പോയ ബന്ധങ്ങളെ പ്രശ്നവൽക്കരിക്കാൻ കഥയിൽ ശ്രമിക്കുന്നുമുണ്ട്.

എന്നാൽ, ഈ ദുരവസ്ഥ വ്യക്തിജീവിതത്തെ എത്രമാത്രം ദുരിതമയമാക്കുന്നുവെന്ന യാഥാർത്ഥ്യത്തെ, ഒരു ആക്ഷേപഹാസ്യമെന്ന നിലയിൽ, വിശദീകരിക്കുകയാണ് 'ടോയ്‌ലറ്റി'ൽ. തീർത്തും സ്വകാര്യമായ പ്രവൃത്തികൾ നിർവ്വഹിക്കാൻ പോലും സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ സൃഷ്ടിക്കപ്പെട്ടത് അവളുടെ സൗകര്യങ്ങളെയോ ആവശ്യങ്ങളെയോ കണക്കിലെടുക്കാത്ത സമൂഹത്തിന്റെ മുൻവിധി (അനാസ്ഥയല്ല) കാരണമാണെന്ന് സ്ഥാപിക്കാൻ ഇവിടെ ശ്രമിക്കുന്നുണ്ട്. അതേതാണ്ടൊക്കെ ശരിയാണെന്ന് സ്ത്രീകളെല്ലാം സമ്മതിക്കും. മാത്രമല്ല സ്ത്രീയുടെ ശുചിമുറി ഉപയോഗവും തീണ്ടാരിതുണിയുമെല്ലാം പൊതുസമൂഹത്തിന് മുമ്പിൽ അസഹ്യമായതോ അല്ലെങ്കിൽ അനാവശ്യാകർഷണം ഉണ്ടാക്കുന്ന പ്രവണതകളായി തുടരുന്നെന്ന വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കെ, അന്തസ്സിന്റെയും സൗകര്യത്തിന്റെയും പ്രതീകങ്ങളായി വൃത്തിയുള്ള ടോയ്‌ലറ്റുകളെ കണക്കാക്കാൻ ഇന്നും കഴിയുന്നില്ലെന്ന യാഥാർത്ഥ്യത്തെ നാം തിരിച്ചറിയേണ്ടതുണ്ട്. ടോയ്‌ലറ്റ് സംസ്കാരം പ്രചുരപ്രചാരം നേടിയ കേരളത്തിനകത്തും പൊതുടോയ്‌ലറ്റുകളുടെ തുടരുന്ന ശോചനീയാവസ്ഥ ഓർമ്മിക്കേണ്ടതുണ്ട്. ഈ കഥ വായിച്ചപ്പോൾ ഷാഹിന റഫീക്കിന്റെ 'ലേഡീസ് കൂപ്പ്'യാണ് ഓർമ്മ വന്നത്. പൊതുടോയ്‌ലറ്റുകൾ ഉത്തരവാദിത്വത്തോടെ സൂക്ഷിക്കണമെന്നും സ്ത്രീകളുടെ ആവശ്യങ്ങൾ കൂടി അറിഞ്ഞുവേണം അത്തരം സംവിധാനങ്ങൾ വീട്ടകങ്ങളിൽ പോലും ഒരുക്കേണ്ടതെന്നും ഈ രണ്ട് കഥകളും എല്ലാവരെയും (പ്രത്യേകിച്ചും പുരുഷന്മാരെ) ബോധ്യപ്പെടുത്തുന്നുണ്ട്.




ഉള്ളടക്കത്തിന്റെ രാഷ്ട്രീയപ്രമേയം കൊണ്ട് തീർത്തും വ്യത്യസ്തമാണ് 'ഇരുട്ട്' എന്ന കഥ. ഷാഹിൻബാഗിലെ പൗരത്വസമരത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ അതിവേഗം സാധാരണമായി കൊണ്ടിരിക്കുന്ന മുസ്ലിം വിരോധത്തിനെയാണ് ഇതിൽ പ്രതിപാദിക്കുന്നത്. (ഏകാധിപത്യ സ്വഭാവമുള്ള) ഭരണകൂടത്തിന്റെ പുരോഗമനമുഖങ്ങളൊക്കെ കാപട്യമാർന്നതാണെന്ന് അടയാളപ്പെടുത്താൻ ഈ കഥ പരിശ്രമിക്കുന്നുണ്ട്. ഹാലിദയെന്ന സ്ത്രീക്ക് ചുറ്റും വികസിക്കുന്ന ഇതിവൃത്തമാണെങ്കിലും, മുസ്ലിം സമുദായത്തെ അപരനാക്കുന്ന ഭരണകൂടവിധ്വംസകതയെയാണ് കഥയിൽ പ്രശ്നവൽക്കരിക്കുന്നത്. അപരബോധമില്ലാതെ, അവളെയുൾക്കൊള്ളുന്ന സുഹൃത്തുക്കളുടെ ഇടയിലേക്ക് കയറിവരുന്ന ഭരണകൂടപ്രതിനിധിയായിട്ടാണ് നമിതയുടെ ഭർത്താവ് ആദിത്യ ഇതിൽ പ്രതിഷ്ഠിക്കപ്പെടുന്നത്. അപരനെ സഹായിക്കുന്നത് സ്വന്തം ഭാര്യയാണെങ്കിൽ പോലും ശത്രുവായേ കാണാനാവുകയുള്ളൂവെന്ന് കഥയുടെ രൂപകല്പനകളിലൂടെ കഥാകൃത്ത് പ്രതിഷേധിക്കുന്നുണ്ട്. എന്നാൽ അസമയത്തെ യാത്രയിൽ ഹാലിദയെ അനുഗമിക്കാനും ഭർത്താവിന്റെ പ്രതികരണത്തിൽ സ്തബ്ധയായി പോയ നമിതയെ ആശ്വസിപ്പിക്കാനും കൂട്ടുകാരികൾ ശ്രമിക്കുന്നത്, പുരുഷാധിപത്യത്തിലും അപരവിദ്വേഷത്തിലും കെട്ടിപ്പൊക്കിയ ഫാസിസത്തെ പിഴുതെറിയാൻ സ്ത്രൈണസ്നേഹത്തിനുള്ള ശേഷിയെ ഉയർത്തിക്കാട്ടുന്നുണ്ട്.

സ്നേഹവും ക്ഷമയും പങ്കുവെക്കലുമെല്ലാം നിറഞ്ഞ സ്ത്രൈണതയുടെ മറ്റൊരു ഭാവമാണ് 'പൗരത്വം-കുടികിടപ്പവകാശം' എന്ന കഥയിലുള്ളത്. തലക്കെട്ട് സംശയാസ്പദമാണെങ്കിലും, ആ കഥ അതിസുന്ദരമാണ്. പ്രണയമഭിനയിച്ച് വിവാഹം കഴിച്ച് ഗർഭിണിയാക്കി ഉപേക്ഷിച്ചുപോയെങ്കിലും, അതിൻറെ നീരസമൊട്ടുമില്ലാതെ ആ കുഞ്ഞിനെ വളർത്തുന്ന ലാറ സ്ത്രൈണതയുടെയും സ്ത്രൈണ രാഷ്ട്രീയത്തിൻറെയും യഥാർത്ഥ പ്രതിനിധാനമാണ്. ഈ കഥകളിലൂടെ കടന്നു പോകുമ്പോൾ ആണ് 'ടോയ്‌ലറ്റി'ലെയും 'പ്രിയപ്പെട്ട അമ്മ(യ്ക്ക്)'

യിലെയും അമ്മ കഥാപാത്രങ്ങളും ഭരണകൂട സാരഥികൾ ആയിരുന്ന ഇന്ദിരാഗാന്ധിയും മാർഗരറ്റ് താച്ചറും മറ്റും സ്ത്രീകളാണെങ്കിലും പുരുഷാധിപത്യത്തിന്റെ മുഖംമൂടികൾ കൂടിയായിരുന്നെന്ന് തിരിച്ചറിവ് തികട്ടി വരുന്നത്. അങ്ങനെ സ്ത്രീയെന്നത് ഒരു ലിംഗസ്വത്വം മാത്രമല്ലെന്നും അതൊരു രാഷ്ട്രീയബോധ്യം കൂടിയാണെന്നുമുള്ള വാദം ഈ കഥ മുന്നോട്ട് വെക്കുന്നുണ്ട്.

തന്റെ കൂടെ ജനിച്ചു വളർന്ന അബു നാഹിർ കോളേജുപഠനം തുടരുമ്പോഴും, രണ്ടു കുഞ്ഞുങ്ങളുടെ അമ്മയായി മാറിയ നിസ്സഹായാവസ്ഥയും ദാമ്പത്യത്തിലൂടെ തനിക്ക് നഷ്ട്പ്പെട്ട അറിവനുഭവങ്ങളുടെ വിശാലഭൂമികയെ സംബന്ധിച്ച തിരിച്ചറിവും തന്നെ തേടിയെത്തുന്ന സൗഹൃദങ്ങളിൽ നിന്നുപോലും ഒറ്റപ്പെട്ട് ഒളിച്ചിരിക്കാൻ മെഹറുനിസയെ നിർബന്ധിക്കുന്നത് അതിലളിതമായും സംഘർഷഭരിതമായും പ്രതിപാദിക്കുകയാണ് 'ബാല്യ'മെന്ന കഥയിൽ. പതിനഞ്ചാം വയസ്സിൽ വിവാഹം കഴിഞ്ഞ്, അഞ്ചു വർഷത്തിനുള്ളിൽ രണ്ട് കുട്ടികളും രണ്ട് ഗർഭഛിദ്രവുമായി കഷ്ടപ്പെടുന്ന മെഹറുനിസക്ക് തന്റെ നിവൃത്തികേടിൽ കുറ്റപ്പെടുത്തേണ്ടി വരുന്നതും സ്വന്തം അമ്മയെ തന്നെയാണ്. സ്വന്തം 'മടിയിലെ തീ'യായി പെൺകുട്ടികളെ കണ്ട ഒരു മൂല്യബോധത്തിന്റെ പ്രതിനിധിയായിരുന്നു അവളുടെ അമ്മ. അതേ കാഴ്ചപ്പാടിന്റെ മറ്റൊരു പ്രതിനിധിയായിരുന്നു കാമപൂർത്തിക്കും കുഞ്ഞുങ്ങളുണ്ടാകാനും മാത്രം അവളുടെ ശരീരത്തിൽ തൊടുന്ന ഭർത്താവ്. എന്നാൽ ജീവച്ഛവമായി കിടന്ന ഭർത്താവിനെ അത്യന്തം ശ്രദ്ധയോടെ ശുശ്രൂഷിച്ചിട്ടും അദ്ദേഹത്തെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാനാകാത്ത ജമീലയെന്ന ഭാര്യയുടെ കുറ്റബോധം (?) അവളെ കാർന്ന് തിന്നുന്നു. പരാശ്രയമില്ലാതെ ഒന്നും ചെയ്യാനാകില്ലെന്ന അവസ്ഥയിലാണ് തന്റെ ഭാര്യയുടെ മൂല്യം 'കുറ്റസമ്മത'ത്തിലെ ഭർത്താവിന് തിരിച്ചറിയാനാകുന്നത്. ഭാവനാത്മകമാണെങ്കിലും, അവളുടെ കാൽച്ചുവട്ടിൽ കുറ്റബോധവും പേറി തല കുനിച്ചിരിക്കുന്ന ഭർത്താവിന്റെ ചിത്രം ഒരുപക്ഷേ സ്ത്രീയുടെ പ്രാധാന്യം തിരിച്ചറിയുന്നതിലേക്ക് പുരുഷാധിപത്യം വഴിമാറുമെന്ന കഥാകൃത്തിന്റെ പ്രതീക്ഷയായിരിക്കാം സൂചിപ്പിക്കുന്നത്. ദൈവവിചാരം കൊണ്ടു മാത്രം ജീവിതത്തെ മുന്നോട്ടുന്തിയ പിതാവിന്റെ നിരുത്തരവാദിത്വത്തെ തുറന്നുകാട്ടുന്ന 'സൈനബ'യിൽ, ഇരുട്ടറകളിൽ ഒടുങ്ങുമ്പോഴും പ്രതീക്ഷകൾ നിലനിർത്തുന്ന സ്ത്രൈണതയുടെ ക്രിയാത്മകത നിറഞ്ഞു നിൽക്കുന്നുണ്ട്.

സ്ത്രൈണതയെ സംബന്ധിച്ച രാഷ്ട്രീയ കാഴ്ചപ്പാടുകളെ ഈ കഥകൾ എത്രമാത്രം ഉൾക്കൊള്ളുന്നുണ്ടെന്ന അന്വേഷണവും ഇവിടെ പ്രസക്തമാണ്. പോരാട്ടത്തിലും പൊളിക്കലുകളിലും നിഷ്കാസനങ്ങളിലും അഭിരമിക്കുന്ന പുരുഷത്വത്തിൽ നിന്ന് വിഭിന്നമായി തിരിച്ചറിയലുകളും സ്വയംവിമർശനവും പങ്കുവെക്കലുകളും ഉൾക്കൊള്ളലുകളുമെല്ലാമടങ്ങുന്ന ആരോഗ്യകരമായ സഹവർത്തിത്വത്തിന്റെ രാഷ്ട്രീയമാണ് സ്ത്രൈണത പ്രതിനിധീകരിക്കുന്നത്. ഈ കഥകളിലെ സ്ത്രൈണജീവിതങ്ങൾ (സ്ത്രീകളല്ല) ആരെയെങ്കിലും മുൾമുനയിൽ നിർത്തുന്ന കടന്നലുകളായല്ല, മറിച്ച് തന്റെ വിയോജിപ്പുകളെ സമാധാനത്തോടെയും സൗകുമാര്യത്തോടെയും അവതരിപ്പിക്കുന്ന മഴവില്ലുകളായാണ് ചിത്രീകരിച്ചിരിക്കുന്നത്. കഥാപാത്രസൃഷ്ടിയുടെ സ്വഭാവമനുസരിച്ച് അവതരണത്തിന്റെ മൂർച്ചയിൽ മാത്രം ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നു. അങ്ങിനെ നോക്കുമ്പോൾ സ്ത്രൈണരാഷ്ട്രീയത്തിന്റെ വിളംബരങ്ങളായി ഈ കഥകളെ വിലയിരുത്താനാകും.

ലൈംഗികാരാജകത്വത്തെയോ അല്ലെങ്കിൽ അമിത ലൈംഗികതയെയോ ഈ കഥകൾ ആഘോഷിക്കുന്നുണ്ടോയെന്ന അന്വേഷണവും ഇവിടെ സാധ്യമാണ്. എതിർലിംഗത്തിനോടുള്ള ശാരീരികമായ ആസക്തി ഇതിലെ പല കഥകളിലും കടന്നുവരുന്നുണ്ട്. പുരുഷന്റെ ഭാഗത്തു നിന്നുള്ള അത്തരം സമീപനങ്ങളെ നാട്ടുനടപ്പായും മറിച്ചുള്ളവയെ അരാജകത്വമായും തീർപ്പു കൽപ്പിക്കുന്നത് അങ്ങേയറ്റം അബദ്ധമാണെന്ന് മാത്രമല്ല, അതൊരു സാമൂഹിക ഗൂഢാലോചനയുടെ ബഹിർസ്പുരണം കൂടിയാണ്. എതിർലിംഗത്തോടുള്ള അടുപ്പവും ആസക്തിയും ഏറ്റവും സ്വാഭാവികമായ ജൈവപ്രക്രിയയായിരിക്കെ അതിനെ ചോദ്യം ചെയ്യുന്നതിൽ മേൽപ്പറഞ്ഞ കാരണങ്ങൾ കൂടാതെ സ്വന്തം ലൈംഗികദാരിദ്ര്യവും കൂടി തള്ളിക്കയറുന്നുണ്ടാകാം. ''വലിയ ശരീരവും ചെറിയ തലകളു''മുള്ള മനുഷ്യരുടെ പ്രകടമായ പരിമിതി കൂടിയാണത്. അതിനാൽ സ്വാഭാവികമായ ലൈംഗിക താൽപര്യങ്ങളുടെ മറയില്ലാത്ത അവതരണം ഈ കഥകളെ കൂടുതൽ യാഥാർത്ഥ്യബോധമുള്ളതാക്കുകയാണ് ചെയ്യുന്നത്.

ഈ കഥകളിൽ തലമുറകൾ തമ്മിലുള്ള അന്തരം അനായാസേന ആവിഷ്കരിച്ചിട്ടുള്ള സന്ദർഭങ്ങൾ അനവധിയുണ്ട്. എന്നാൽ കാലംമേറുന്തോറും സംഭവിക്കുന്ന മൂല്യബോധങ്ങളിലെ മാറ്റങ്ങൾ സ്വായത്തമാക്കുന്നതിൽ സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകൾക്കപ്പുറത്ത് ലംബമാനമായ അധികാരവ്യവസ്ഥിതിയിൽ താഴെ കിടക്കുന്നവർ അപ്രസക്തരാണെന്ന മുൻവിധിയുടെ ആവിഷ്കാരങ്ങളാണവ. തന്നെപ്പോലെ സ്ത്രീയും ഒരു മനുഷ്യനാ

ണെന്ന കാഴ്ചപ്പാടിന്റെ അഭാവം പുരുഷാധിപത്യ വ്യവസ്ഥിതിയുടെ ആധാരമാണ്. അതിനെ സ്വാംശീകരിക്കുന്ന സ്ത്രീകൾക്കും സ്വന്തം മൂല്യരാഹിത്യത്തെ ഉൾക്കൊള്ളേണ്ടി വരുന്നു. അതുകൊണ്ടുതന്നെ തന്റെ ക്ലേശങ്ങളും അപമാനങ്ങളുമൊക്കെ അതങ്ങനെ തന്നെയാകണമെന്ന മട്ടിൽ പരിഗണിക്കാനും തന്റെ പെൺമക്കൾ അതിനോട് സംഘർഷത്തിലൊന്നും ഏർപ്പെടാതെ കഴിയുന്നത്ര ലാഘവത്തോടെ അതുൾക്കൊള്ളണമെന്നുമാണ് അവർ ആഗ്രഹിച്ചത്. മാറുന്ന ലോകത്തിന്റെ സ്വാധീനം വേഗത്തിലേൽക്കുന്ന പുതുനാമ്പുകൾ ഒരു ഘട്ടം കഴിയുമ്പോൾ തന്നെ ഗ്രസിച്ചിരിക്കുന്ന വ്യവസ്ഥിതിയുടെ ഭാരവും സമ്മർദ്ദവും കാരണം അതിനെ അംഗീകരിക്കുന്ന അവസ്ഥയുണ്ടാകും. പുറംകാഴ്ചകളിലേക്കുള്ള നിരന്തരമായ സംക്രമണ(Access) മുണ്ടെങ്കിൽ മാത്രമേ സ്ഥായിയായ സ്വയംവിമർശനങ്ങളും തുടർന്നുള്ള സ്വയംവിമോചനങ്ങളും ഏതൊരാളിലും അഥവാ സമൂഹത്തിലും സംഭവിക്കുകയുള്ളൂ.

അർത്ഥവത്തായ വ്യാഖ്യാനങ്ങളുടെ ആധിക്യം സാധ്യമാകുന്നുണ്ടെങ്കിൽ പോലും ഈ കഥകളെ പൊതുവെ വിലയിരുത്തേണ്ടതുണ്ട്. കാരണം ഇതിവൃത്തപരിസരങ്ങളും കഥാപാത്ര സ്വഭാവവും പ്രമേയരാഷ്ട്രീയവും വിഭിന്നമാണെങ്കിലും, പരസ്പരം തിരസ്ക്കരിക്കുന്ന കഥകളല്ല ഈ സമാഹാരത്തിലുള്ളത്. അതിനുമപ്പുറത്ത് ഈ അവയെ പൊരുത്തപ്പെടുത്തുന്ന ഘടനാസാദൃശ്യത്തെ കണ്ടെത്തേണ്ടതുണ്ട്. താൻ സൃഷ്ടിച്ച കഥാപാത്രങ്ങൾ കഥയുടെ അടരുകളിൽ നിന്ന് പുറത്തേക്ക് വന്ന്, തന്നെ സാകൂതം നിരീക്ഷിക്കുന്ന വായനക്കാരുടെ വിഹ്വലതകളും വിതുമ്പലുകളും മറികടന്ന്, വായനയുടെ സ്വകാര്യതകളെ ലംഘിച്ച്, പൊതുവിടങ്ങളിൽ ചെന്ന് നിന്ന് സാമ്പ്രദായികതകളുടെയും സദാചാരങ്ങളുടെയും നാട്ടുവഴക്കങ്ങളുടെയും മാത്രമല്ല അടിച്ചമർത്തലുകളുടെയും അവഗണനകളുടെയും അസഹിഷ്ണുതകളുടെയും നേർക്ക് കൺചിമ്മാതെ ചോദ്യഭാവേന നോക്കുന്ന (വിരൽ ചൂണ്ടി കയർക്കുകയോ കൂർത്ത ചോദ്യശരങ്ങൾ കൊണ്ട് മുറിവേൽപ്പിക്കുകയോ അല്ല) പ്രതീതിയാണ് വീണ്ടും വീണ്ടും ആലോചനകളിലേക്ക് കയറി വരുന്ന ഈ കഥകൾ സമ്മാനിക്കുന്നതെന്ന് അവകാശപ്പെടാനാകും.

ഈ കഥാസമാഹാരത്തിലെ പേജുകളിലൂടെ കടന്നു പോകുമ്പോൾ അതിലെ ചിത്രീകരണങ്ങളെ പ്രത്യേകം ശ്രദ്ധിക്കാനാകും. സൂക്ഷ്മാർത്ഥങ്ങളുടെ വന്യതയിലല്ല, ഇതിവൃത്തങ്ങളെ അടയാളപ്പെടുത്തുന്ന ലളിതരചനകളായാണ് അവയോരോന്നും കടന്നു വരുന്നത്. ചിത്രീകരണ ശില്പിയെ അഭിനന്ദിക്കുമ്പോൾ തന്നെ, മറുവശത്ത് പുസ്തകത്തിന്റെ മുഖചിത്രം അങ്ങേയറ്റം നിരാശപ്പെടുത്തുന്നതാണെന്ന് പറയാതെ വയ്യ. കലാബോധത്തിന്റെ പുതുകാഴ്ചകളെ ചേതോഹരമായി ആവിഷ്കരിക്കാനാകുന്ന ഇത്തരമിടങ്ങളെ തീർത്തും നിരുത്തരവാദിത്വത്തോടെ ഉപയോഗപ്പെടുത്തിയതിന്റെ മായ്ക്കാനാകാത്ത ചിഹ്നമായി പ്രസ്തുത മുഖചിത്രം നിലനിൽക്കും.

കഥാപാത്രങ്ങളെ ഒരുക്കുന്നതിൽ വന്ന സൂക്ഷ്മതയെ എടുത്തു പറയുമ്പോഴും അവരുടെ സംഭാഷണങ്ങളിൽ പൊതുവേ കാണുന്ന സാമ്യത ഈ സമാഹാരത്തിന്റെ മറ്റൊരു പരിമിതിയായി സൂചിപ്പിക്കാനാവും. പല തലമുറകളിലും സാഹചര്യങ്ങളിലുമുള്ള കഥാപാത്രങ്ങൾ കാര്യമായ ഏറ്റക്കുറച്ചിലില്ലാതെ ഏതാണ്ടൊരു പോലെയുള്ള പദപ്രയോഗങ്ങളും സംഭാഷണശൈലികളും ഉപയോഗിക്കുന്നത് സൂക്ഷ്മവായനയിൽ എടുത്തു കാണാനാകുന്നുണ്ട്. വിവർത്തനകൃതിയായതു കൊണ്ടുതന്നെ മൂലകൃതിയിലുള്ള ഭാഷണവൈവിധ്യത്തെ അതുപോലെ ആവിഷ്കരിക്കാനാകണമെന്നില്ല. വിവർത്തനങ്ങളിൽ കൈമോശം വരുന്ന സംഭാഷണശൈലികളുടെ വ്യതിരക്തത പ്രസ്തുത പരിശ്രമങ്ങളിൽ സ്വാഭാവികമായതിനാലും, അത്തരം അപാകതകൾ ഇന്നത്തെ സാധാരണ കഥകളിൽ പോലും അനവധിയുള്ളതിനാലും മേൽപ്പറഞ്ഞ വിമർശനത്തെ ഏച്ചുകെട്ടലിൽ മുഴച്ചു നിൽക്കുന്ന പരിമിതിയായി പ്രത്യേകം കാണേണ്ടതില്ല.

അതിനുമപ്പുറം ഈ കൃതിയുടെ ഗാംഭീര്യമാർന്ന വിവർത്തനത്തെ തീർച്ചയായും എടുത്തു പറയേണ്ടതുണ്ട്. നാഗരിക കേരളത്തിലെ യുവതലമുറയ്ക്ക് ഒരു പരിധി വരെ അന്യമായ അനവധി പരിസരങ്ങൾ കൊണ്ട് സമ്പന്നമാണെങ്കിലും, അവരുടെ ശ്രദ്ധയെ ഗൗരവം നഷ്ടപ്പെടാതെ തന്നെ പിടിച്ചുനിർത്തുന്ന രീതിയിൽ കഥകളെ പുനഃസൃഷ്ടിക്കാൻ വിവർത്തകന് സാധിച്ചിട്ടുണ്ട്. ഇതിവൃത്തമെന്താണെങ്കിലും കഥാകൃത്ത് ആഗ്രഹിച്ച പിരിമുറുക്കം വായനക്കാരിൽ സൃഷ്ടിക്കാനും നിലനിർത്താനും, ഒരുപക്ഷേ അതിനുമപ്പുറവും, വിവർത്തകനും കഴിഞ്ഞിട്ടുണ്ട്. പദപ്രയോഗങ്ങളും ആശയാവതരണവും കല്ലുകടിയായി തോന്നിപ്പിക്കാതെ, ഒന്നിൽ നിന്ന് അടുത്തതിലേക്ക് കടന്നുചെല്ലാൻ വായനക്കാരെ പ്രേരിപ്പിക്കുന്ന തരത്തിൽ പുനരാഖ്യാനം ഉറപ്പുവരുത്താനായതിൽ വിവർത്തകനെയും അഭിനന്ദിച്ചേ മതിയാകൂ.

കവിത

# തിരികെ



**സജിത ബേപ്പൂർ**

**തി**രികെ നടക്കുവാനാവില്ലെനിക്കിനി
തളരാതെ താണ്ടിയ
ദൂരങ്ങളൊക്കെയും
മുൻപെൻ ബാല്യത്തിലോടുവാനായ്
അതിരില്ലാപ്പാടങ്ങളേറെയുണ്ട്
കളകളം പാടുന്ന കിളികളുണ്ട്
അതിരു കാക്കും കൊറ്റികൾ വരമ്പിലും
സ്ഥലമളക്കുന്ന തുമ്പികൾ ചുറ്റിലും
കൊച്ചുശലഭങ്ങൾ മൂത്തമിട്ടോടുന്നു
പുൽച്ചാടിയും പച്ചത്തുള്ളനും
പാടത്ത് മത്സരത്തിനൊരുങ്ങിടുന്നു
കുഞ്ഞുമീനുകൾ കൊക്കിൻ ചുണ്ടിൽ നിന്നു
ന്മാദത്തോടെ പിടയ്ക്കുന്നു.
ആദിത്യനാദ്യകിരണം പൊഴിക്കുന്നു
ഉദയകിരണത്തെ ഭയന്നോടി ഹിമബിന്ദുവെൻ
നെറുകിലൊളിക്കുന്നു

അന്യമായൊരനുഭവസമ്പത്തിലെങ്ങനെ
ഞാൻ തിരികെ നടന്നിടും
ഇന്നു ഞാനെന്റെ കോൺക്രീറ്റുപാടത്ത്
പ്രാണവായുവിനായ്
കേണിടുമ്പോൾ
തിരികെ നടക്കുവാനാവില്ലെനിക്കെന്റെ
നഷ്ടബാല്യത്തിലേക്കിനിയൊരു നാളിലും

●




**പൂർണ പ്രസിദ്ധീകരിച്ച**
**പി.കെ.പാറക്കടവിന്റെ പുസ്തകങ്ങൾ**



നദിക്കരയിൽ ഓടിനടന്ന പെൺകുട്ടി ₹ 55

ഓർമ്മകൾ മിണ്ടിപ്പറയുന്നു ₹ 90

കമല സ്വർഗത്തിലിരുന്ന് മാലാഖമാർക്ക് നിശാവസ്ത്രങ്ങൾ തുന്നുന്നു. ₹ 70

മൗനത്തിന്റെ നിലവിളി ₹ 90

കൊടുങ്കാറ്റിനെ സ്നേഹിക്കുന്ന കുട്ടി ₹ 35

'അതുകൊണ്ടരിശം തീരാഞ്ഞവനാപ്പുരയുടെ ചുറ്റും മണ്ടിനടന്നു' എന്ന് കുഞ്ചൻ നമ്പ്യാർ എഴുതിയിട്ടുണ്ട്. പി.കെ. പാറക്കടവ് എഴുതിയ ഒരു പുസ്തകത്തിന്റെ തലക്കെട്ട് ഓർമ്മകൾ മിണ്ടിപ്പറയുന്നു എന്നാണ്.

*- മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'അക്ഷരം പ്രതി'യിൽ കെ. സി. നാരായണൻ*

# എന്റെ തീവണ്ടിമാമനെ കണ്ടോ?






ഗ്രേസി ആന്റണി രചിച്ച്, 'പൂർണ' പ്രസിദ്ധീകരിച്ച 'എന്റെ തീവണ്ടിമാമനെ കണ്ടോ' എന്ന ബാലസാഹിത്യകൃതി പ്രകാശനം ചെയ്തു. മുണ്ടേരി 'സൃഷ്ടി' ഗ്രന്ഥശാല സംഘടിപ്പിച്ച ചടങ്ങ് മുണ്ടേരി ജി.വി.എച്ച്.എസ്.എസ് യോഗാഹാളിലാണ് നടന്നത്. ഡോ. കെ.ശ്രീകുമാർ, വിദ്യാർത്ഥികളായ ശരണ്യ സി.വിക്കും ആബേൽ ജെയ്സണും നൽകി പുസ്തകം പ്രകാശനം ചെയ്തു. 'സൃഷ്ടി' പ്രസിഡണ്ട് എ.കെ. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. സുമ പള്ളിപ്രം പുസ്തക പരിചയം നടത്തി. സി.കെ. ശിവരാമൻ, എ.കെ. ഷിബു, സി.എം. സുരേഷ്, സജീവൻ, ജയകൃഷ്ണൻ, രഞ്ജിത്ത്, ഇ.കെ. ബിന്ദുജൻ എന്നിവർ സംസാരിച്ചു. ഗ്രേസി ആന്റണി മറുപടി പ്രസംഗം നടത്തി. സി. ജയരാജൻ സ്വാഗതവും ഷീന മല്ലപ്പള്ളി നന്ദിയും പറഞ്ഞു.

# ടി.എം. എബ്രഹാമിന്റെ തിരഞ്ഞെടുത്ത നാടകങ്ങൾ






ടി.എം. എബ്രഹാം രചിച്ച്, പൂർണ പ്രസിദ്ധീകരിച്ച 'ടി.എം. എബ്രഹാമിന്റെ തിരഞ്ഞെടുത്ത നാടകങ്ങൾ' എന്ന പുസ്തകത്തിന്റെ ആദ്യപ്രതി പ്രൊഫ. എം.കെ. സാനുവിൽ നിന്ന് ഡോ.എച്ച്. സദാശിവൻപിള്ള ഏറ്റുവാങ്ങി. പ്രൊഫ എം. തോമസ് മാത്യു അധ്യക്ഷനായ ചടങ്ങിൽ എൻ.ഇ. സുധീർ, ജോൺ ഫെർണാണ്ടസ്, പ്രൊഫ. ചന്ദ്രദാസൻ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, ടി.എം. ജേക്കബ് എന്നിവർ സംസാരിച്ചു.

# സമ്മാനപ്പൊതി 8
## സീസൺ
























ജനറൽ എഡിറ്റർ
**ഡോ. കെ. ശ്രീകുമാർ**

കവർചിത്രം: **എൻ.ജി. സുരേഷ് കുമാർ**
കവർ ഡിസൈൻ: **രാജേഷ് ചാലോട്**
ചിത്രീകരണം: **അനിത ജിതിൻ**

POORNASREE MONTHLY

Date of Publication : 02 March 2024
REGISTERED RNI KERMAL/2007/29677
Registered No KL/CT/143/2022-2024

Price: ₹5
License No. KL/PMG/NR/WPP/48/KKD/2022-2024
Licence to Post without Pre Payment

## പ്രസിദ്ധീകരിച്ചു!

# സമ്മാനപ്പൊതി സീസൺ 8

**സമ്മാനപ്പൊതി സീസൺ 8 ൽ അണിനിരക്കുന്നവർ**



ജനറൽ എഡിറ്റർ: **ഡോ. കെ. ശ്രീകുമാർ**

പ്രശസ്ത എഴുത്തുകാരുടെ
**22 മികച്ച ബാലസാഹിത്യകൃതികൾ!**

| | | |
|---|---|---|
| **ചുപ്പാമണി** (കഥ) | സി. രാധാകൃഷ്ണൻ | 65.00 |
| **വരൂ, ശാസ്ത്രജ്ഞരാവാം** (വൈജ്ഞാനികം) | പ്രൊഫ. എസ്. ശിവദാസ് | 160.00 |
| **ഗരുഡകഥകൾ** (പുനരാഖ്യാനം) | സിപ്പി പള്ളിപ്പുറം | 110.00 |
| **ഗണേശകഥകൾ** (പുനരാഖ്യാനം) | മലയത്ത് അപ്പുണ്ണി | 65.00 |
| **മാൾട്ടി** (കഥ) | വി.കെ. ശ്രീരാമൻ | 125.00 |
| **അച്ഛൻ പറഞ്ഞതും മകൻ അറിഞ്ഞതും** (വൈജ്ഞാനികം) | പി.കെ. ഗോപി | 95.00 |
| **മാന്ത്രികപ്പട്ടം** (നോവൽ) | വീരാൻകുട്ടി | 65.00 |
| **വൈകിവിടർന്ന മയിൽപ്പീലികൾ** (നോവൽ) | ജനു | 100.00 |
| **ഡ്രാക്കുളയുടെ നിധി** (നോവൽ) | ബിമൽകുമാർ രാമങ്കരി | 150.00 |
| **പൂങ്കിണ്ണം** (കവിത) | അസുരമംഗലം വിജയകുമാർ | 85.00 |
| **കുട്ടനും കുട്ടിക്കുരങ്ങനും** (നോവൽ) | വെണ്ണല മോഹൻ | 120.00 |
| **നിലാവിന്റെ തട്ടം** (കവിത) | ഇ. ജിനൻ | 85.00 |
| **മാനം തൊടുന്ന മരം** (കഥ) | സുനിൽ പി. മതിലകം | 55.00 |
| **പെൻസിലും ജലറാണിയും** (കഥ) | ആഗ യാമി | 65.00 |
| **നിമീലിത** (നോവൽ) | ഡോ. സുഷമ ബിന്ദു | 75.00 |
| **കാണാക്കാഴ്ചകൾ** (കഥ) | രാധികാദേവി റ്റി.ആർ. | 95.00 |
| **ആകാശപ്പഞ്ഞികൾ** (നോവൽ) | ഷസിയ | 65.00 |
| **അമ്പിളിയുരുളി** (കവിത) | സി. സാന്ദീപനി | 85.00 |
| **പ്രകൃതിപാഠം** (നോവൽ) | രമേഷ് വട്ടിങ്ങാവിൽ | 75.00 |
| **ലീഡർ ആമി** (നോവൽ) | ബീന മേലഴി | 55.00 |
| **അക്ഷരലഹരി** (ജീവചരിത്രം) | അഞ്ജലി രാജീവ് | 105.00 |
| **ഗോപ** (നോവൽ) | ഡോ. കെ. ശ്രീകുമാർ | 100.00 |

**22 പുസ്തകങ്ങളടങ്ങുന്ന സെറ്റിന്**

മുഖവില **₹2000**

**പ്രത്യേക വില ₹1500**

കവർ ചിത്രം : **എൻ.ജി. സുരേഷ് കുമാർ** കവർ ഡിസൈൻ : **രാജേഷ് ചാലോട്** ചിത്രീകരണം : **അനിത ജിതിൻ**

Printed, Published, Edited, Owned by N.E. Manohar, Deepam, P.O. Puthiyara, Kozhikode-673004,
Published from TBS Building, G H Road, Kozhikode-673001,Kerala & Printed at Printarts Offset ,Feroke, Calicut